# ഗവ.എൽ.പി.എസ്.

# മരുതൂർക്കുളങ്ങര



## അക്കാദമിക്ക് മാസ്റ്റർ പ്ലാൻ

## 2025-2026

# ഉള്ളടക്കം


1. ആമുഖം
2. അടിസ്ഥാന വിവരങ്ങൾ
3. വിദ്യാലയത്തിന്റെ ചരിത്രം
4. കാഴ്ചപ്പാട്
5. ലക്ഷ്യങ്ങൾ
6. അക്കാദമിക ഭൗതിക നേട്ടങ്ങൾ -പരിമിതികൾ
7 അക്കാദമിക ലക്ഷ്യങ്ങൾ
8 മികവിനായി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ

# ആമുഖം

വിദ്യാഭ്യാസം കുട്ടികളുടെ മൗലികാവകാശമാണ്. സമഗ്ര ഗുണമേന്മ വർഷമായാണ് 2025 - 26 അക്കാദമിക വർഷത്തെ വിഭാവനം ചെയ്തിട്ടുള്ളത്. വിദ്യാഭ്യാസമേഖലയിൽ ഗുണമേന്മയും സാമർത്ഥ്യവും ഉറപ്പുവരുത്തുന്നതിന് ഒരു സമഗ്രമായ അക്കാദമിക് മാസ്റ്റർപ്ലാൻ അനിവാര്യമാണ്. അക്കാദമിക് മാസ്റ്റർപ്ലാൻ ഒരു വിദ്യാലയത്തിന്റെ അക്കാദമിക് കാഴ്ചപ്പാടിനെ വ്യക്തമാക്കുകയും ഭാവിയിലേക്കുള്ള ദിശാനിർദ്ദേശം നൽകുകയും ചെയ്യുന്നു. സമൂഹത്തിന്റെ പ്രതീക്ഷക്കൊത്ത് ഓരോ കുട്ടിയേയും ഉയർത്തുക എന്നതാണ് സമഗ്ര ഗുണമേന്മ വിദ്യാഭ്യാസപദ്ധതിയിൽ വിഭാവനം ചെയ്യുന്നത്. .

അറിവെന്നാൽ പാഠപുസ്തകത്തിൽ നിന്നും ലഭിക്കുന്ന ഒന്നായി പരിമിതപ്പെടുത്തുവാൻ കഴിയില്ല. വിവേകവും വിവേചന ബുദ്ധിയും സഹജീവി സ്നേഹവും വിമർശനാത്മക ബുദ്ധിയും എല്ലാം കുട്ടികളിൽ മുളപൊട്ടുകയും വികസിക്കുകയും വേണം. ഒരു സമൂഹത്തിൽ എങ്ങനെ ജീവിക്കണം എങ്ങനെ പെരുമാറണം എന്നുള്ളതിന്റെ പരിശീലന കളരി കൂടിയാണ് വിദ്യാലയം. ഇതിന്റെ ഭാഗമായി സ്കൂൾ തുറന്നു ആദ്യത്തെ രണ്ടാഴ്ചയിൽ പൊതുവായി കുട്ടികൾ അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ ഏഴു മേഖലകളായി തിരിച്ച് ( പൊതുകാര്യങ്ങൾ, റോഡിലൂടെയും സ്കൂൾ വാഹനത്തിലും സഞ്ചരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, വ്യക്തി ശുചിത്വം, പരിസര ശുചിത്വം,ഹരിത ക്യാമ്പസ്, ആരോഗ്യം വ്യായാമം, ഡിജിറ്റൽ അച്ചടക്കം പൊതുമുതൽ സംരക്ഷണം, പരസ്പര സഹകരണം) വൈവിധ്യമാർന്ന പ്രവർത്തനങ്ങളിലൂടെ കുട്ടികളെ ബോധ്യപ്പെടുത്തി. പാഠഭാഗവുമായി ബന്ധപ്പെടുത്തി അവയുടെതുടർ പ്രവർത്തനത്തിനുള്ള അവസരങ്ങളും ഒരുക്കുന്നുണ്ട്.

പഠനമെന്നാൽ പരീക്ഷയെ മാത്രം ലക്ഷ്യം ഇടേണ്ട ഒന്നല്ല. കാണാപ്പാഠം പഠിച്ച് മാർക്ക് നേടിയത് കൊണ്ട് അതിജീവിക്കാവുന്ന ഒരു അവസ്ഥയിൽ അല്ല നിലവിലെ ലോക സാഹചര്യവും. ആർജിത അറിവ് ആത്മവിശ്വാസത്തോടെ പ്രശ്നപരിഹരണത്തിന് വിനിയോഗിക്കാൻ കഴിയുന്ന തലത്തിലേക്ക് നമ്മുടെ മുഴുവൻ കുട്ടികളും ഉയരണം.

ഏതൊരു വിദ്യാലയത്തിന്റെയും മികവ് അക്കാദമിക മികവാണ്. അക്കാദമിക മികവിനായി വിദ്യാലയ വികസന പദ്ധതിയിൽ അധ്യാപകർ രക്ഷിതാക്കൾ,എസ്.എസ്.കെ, പൂർവ്വ വിദ്യാർത്ഥികൾ, സർക്കാർ-സർക്കാരിത സംഘടനകൾ,സാമൂഹ്യ കലാ - സാംസ്കാരിക രാഷ്ട്രീയ സന്നദ്ധ സംഘടനാ പ്രവർത്തകർ, സ്കൂൾ മോണിറ്ററിങ് കമ്മിറ്റി എന്നിവരുടെ കൂട്ടായ്മ ആവശ്യമാണ്. സ്കൂളിലെ ഓരോ പ്രവർത്തനത്തിനും സമൂഹത്തിന്റെ പിന്തുണയും പങ്കാളിത്തവും ഉണ്ടാവണം.
ഓരോ വിദ്യാർത്ഥിയുടെയും വിജയമാണ് ഈ വിദ്യാലയത്തിന്റെ വിജയം. ഈ വിദ്യാലയത്തിന്റെ വിജയം ഈ സമൂഹത്തിൻറെ വിജയമാണ് എന്ന കാഴ്ചപ്പാടോട് കൂടിയാണ് ഈ മാസ്റ്റപ്ലാൻ തയ്യാറാക്കുന്നത്.

# ഗവ.എൽ.പി.എസ്.മരുതൂർക്കുളങ്ങര

## അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| അക്കാദമിക് വർഷം | : | 2025 - 2026 |
| UDISE കോഡ് | : | 32130500114 |
| സ്കൂൾ കോഡ് | : | 41210 |
| സ്കൂൾ പേര് | : | ഗവ.എൽപിഎസ് മരുതൂർക്കുളങ്ങര |
| ജില്ല | : | കൊല്ലം |
| റവന്യൂ താലൂക്ക് | : | കരുനാഗപ്പള്ളി |
| വിദ്യാഭ്യാസ താലൂക്ക് | : | കരുനാഗപ്പള്ളി |
| പിൻകോഡ് | : | 690573 |
| പോസ്റ്റ് | : | ആലുംകടവ് |
| ക്ലസ്റ്റർ | : | ജി.ഡബ്ല്യൂ.യു.പി.എസ് പടനായർകുളങ്ങര |
| സ്കൂൾ കാറ്റഗറി | : | പ്രൈമറി |
| സ്കൂൾ മാനേജ്മെൻറ് | : | വിദ്യാഭ്യാസ വകുപ്പ്, കേരള സർക്കാർ |
| സ്കൂൾ ടൈപ്പ് | : | കോ-എജ്യുക്കേഷണൽ |
| ഹാബിറ്റേഷൻ പേര് | : | മരുതൂർക്കുളങ്ങര |
| മുനിസിപ്പാലിറ്റി | : | കരുനാഗപ്പള്ളി |
| മണ്ഡലം | : | കരുനാഗപ്പള്ളി |
| ഫോൺ നമ്പർ | : | 04762626566 |
| കൗൺസിലർ | : | ശ്രീഹരി സി |
| എസ്എംസി ചെയർമാൻ | : | രാജേഷ് പട്ടശ്ശേരി |
| ഹെഡ് മിസ്ട്രസ്സ് | : | ഗംഗ എസ് |

# വിദ്യാലയത്തിന്റെ ചരിത്രം

ചരിത്രപരമായി വലിയ പ്രാധാന്യമുള്ള സ്ഥലമാണ് മരുതൂർക്കുളങ്ങര, പുരാണങ്ങളിലും ഐതിഹ്യങ്ങളിലും പരാമർശിക്കപ്പെട്ട ഈ നാടിന് പ്രാചീന കാലം മുതലേ നല്ല പേരും പ്രശസ്തിയുമുണ്ട്. അനവധി സ്വാതന്ത്ര്യ സമര പോരാട്ടങ്ങൾക്കും നിരവധി സാമൂഹിക വിപ്ലവങ്ങൾക്കും സാക്ഷ്യം വഹിച്ച മണ്ണാണ് മരുതൂർക്കുളങ്ങരയുടേത്. ബ്രിട്ടീഷ് വിരുദ്ധ പോരാട്ട കാലത്ത് വേലുതമ്പി ദളവയും ശ്രീ ചിത്തിര തിരുനാൾ രാജാവും മരുതൂർക്കുളങ്ങര ക്ഷേത്രത്തിലായിരുന്നു താമസിച്ചിരുന്നതെന്ന് ഐതിഹ്യമുണ്ട്. മരുതൂർക്കുളങ്ങരയുടെ പഴയ പേര് മരുന്നൂർകുളങ്ങര എന്നായിരുന്നു എന്ന അഭിപ്രായവുമുണ്ട്. രാജാക്കന്മാർക്ക് വേണ്ടി ഔഷധങ്ങൾ വിളയിച്ചെടുത്തിരുന്നത് ഇവിടെ നിന്നായിരുന്നു. അതിനാൽ തന്നെ ഔഷധങ്ങൾക്ക് നല്ല വളക്കൂറുള്ള മണ്ണായി ഇന്നും മരുതൂർക്കുളങ്ങര അറിയപ്പെടുന്നു.

ബുദ്ധമതത്തിന് വലിയ പ്രചാരമുള്ള നാടായിരുന്നു പണ്ട് മരുതൂർക്കുളങ്ങര. ഇവിടെ നിന്നാണ് പ്രാചീന ബുദ്ധപ്രതിമ കണ്ടുകിട്ടിയത്. മരുതൂർക്കുളങ്ങര പള്ളിക്കൽ കാവിൽ നിന്നും കണ്ടെടുത്ത ബുദ്ധപ്രതിമയായ പള്ളിക്കൽ പുത്രനെ അന്നത്തെ കരുനാഗപ്പള്ളി തഹസിൽദാരായിരുന്ന തമ്പുരാൻ പടനായർകുളങ്ങര ക്ഷേത്രപരിസരത്തു സ്ഥാപിച്ചു. പ്രസ്തുത ബുദ്ധപ്രതിമയിൽ പ്രമുഖ ബുദ്ധമതാചാര്യൻ ദലൈലാമ പുഷ്പ മാല ചാർത്തിയിട്ടുണ്ട് ഇന്നും ആ പ്രതിമ കൃഷ്ണപുരം പുരാവസ്തു പരിരക്ഷണ കേന്ദ്രത്തിൽ സൂക്ഷിച്ചിരിക്കുന്നു. ഒരു കാലത്ത് ബുദ്ധജൈന മതങ്ങൾ കേരളത്തിൽ പ്രചരിക്കുകയും ബുദ്ധമതം സാർവത്രിക പ്രചാരം നേടുകയും ചെയ്തിരുന്നു. അതിന്റെ കേന്ദ്രങ്ങളായിരുന്നു കരുനാഗപ്പള്ളിയും മരുതൂർകുളങ്ങരയും.

മേലെ പരാമർശിക്കപ്പെട്ട വളരെ സമ്പന്നമായ മരുതൂർക്കുളങ്ങരയുടെ പുരാതനമായ മത-സാമൂഹിക തലങ്ങളെ നിർണ്ണയിക്കുന്നതിൽ 1898-ൽ സ്ഥാപിതമായ മരുതൂർക്കുളങ്ങര ഗവ. എൽപി സ്കൂൾ അനൽപമായ പങ്ക് വഹിച്ചിട്ടുണ്ട്. 120-ാം വാർഷികത്തിൽ എത്തി നിൽക്കുന്ന ഈ വിദ്യാലയത്തിന് തലമുറകളെ കണ്ടും സേവിച്ചുമുള്ള പാരമ്പര്യമാണുള്ളത്. ഒരു സരസ്വതി ക്ഷേത്രമെന്ന പോലെ സ്കൂളിനോട് വലിയ ബഹുമാനവും ആദരവും മനസ്സിൽ സൂക്ഷിക്കുന്നവരാണ് മരുതൂർക്കുളങ്ങര നിവാസികൾ പതിനായിരക്കണക്കിന് വിദ്യാർത്ഥികളാണ് ഈ സ്കൂളിൽ നിന്നും വിദ്യനുകർന്ന് സമൂഹത്തിൻറെ വിവിധ തലങ്ങളിൽ സേവനം ചെയ്തു കൊണ്ടിരിക്കുന്നത്. മൺമറഞ്ഞുപോയ നിരവധി പ്രഗത്ഭരും ഈ സ്കൂളിൻറെ സന്തതികളായുണ്ട്.

അമ്പത് വർഷങ്ങൾക്ക് മുമ്പ് ഒന്നാം ക്ലാസിൽ 250-ൽ പരം വന്നുചേർന്നിരുന്നുവെന്ന് പഴയ രേഖകളിൽ നിന്ന് മനസ്സിലാക്കാം. ഓല മേഞ്ഞ കെട്ടിടങ്ങളിൽ രണ്ടും മൂന്നും ഷിഫ്റ്റ് സമ്പ്രദായത്തിൽ നിറയെ കുട്ടികൾ പഠിച്ചിരുന്ന വിദ്യാലയമാണിത്. ഇന്ന് അംഗീകാരമില്ലാത്ത വിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യവും വാഹന സൗകര്യങ്ങളും കുട്ടികളെ അവിടേക്ക് ആകർഷിച്ചിരിക്കുന്നു. ഈ സാഹചര്യങ്ങളെ മറി കടക്കാൻ കഴിയുന്ന രീതിയിൽ ഭൗതികവും അക്കാദമികവുമായ വികസനത്തിൽ കാലോചിതമായ മാറ്റത്തിനായി നാം ഇനിയും ശ്രമം തുടരേണ്ടതുണ്ട്. അക്കാമിക മികവിനായി പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിൽ മികവുറ്റ പ്രകടനം കാഴ്ച്ച വെക്കാൻ കുട്ടികളെ പ്രാപ്തരാക്കുന്നു. ഈ വിദ്യാലയത്തിൽ പ്രവേശനം നേടുന്ന മുഴുവൻ കുട്ടികളും എല്ലാ വിധത്തിലും പ്രാവീണ്യമുള്ളവരായിട്ടാണ് ഇവിടെ നിന്നും പോകുന്നതെന്ന് ഉറപ്പുവരുത്തുന്നു.

## കാഴ്ചപ്പാട്

"പ്രതിസന്ധികളെ തരണം ചെയ്യാനുള്ള കരുത്താർജ്ജിക്കലാണ് വിദ്യാഭ്യാസം" എന്ന ഗാന്ധിയൻ കാഴ്ചപ്പാടിലൂന്നിക്കൊണ്ട്

- കുട്ടിയുടെ സമഗ്ര വികാസത്തിനായി കഴിവുകളും സർഗാത്മക ശേഷിയും വളർത്താൻ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിൽ സജീവ താൽപ്പര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന മികവിന്റെ കേന്ദ്രമാക്കി വിദ്യാലയത്തെ മാറ്റൽ.
- കുട്ടികളിൽ മികച്ച പാരിസ്ഥിതി ബോധത്തോടെയുള്ള ജീവിതവും വികസന സങ്കല്പങ്ങളും രൂപപ്പെടുത്തൽ
- സ്നേഹം, കരുണ,വ്യക്തിശുചിതം സാമൂഹിക ശുചിത്വം , മാനവികത തുടങ്ങിയ മുല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കൽ
- പാർശ്വവൽക്കരിക്കപ്പെട്ടവർ, ഭിന്നശേഷിക്കാർ എന്നിവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പിക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ
- ഓരോ ക്ലാസിലേയും കുട്ടികൾ അതാത് ക്ലാസിൽ നേടേണ്ട ശേഷികളും ധാരണയും നേടുന്നുണ്ടെന്ന് ഉറപ്പാക്കൽ

..............................................................................

## ലക്ഷ്യങ്ങൾ

- സമഗ്ര ഗുണമേൻമ പരിപാടിയുടെ ഭാഗമായി എല്ലാ കുട്ടികൾക്കും പഠന നേട്ടം ഉറപ്പു വരുത്തുന്നതിനായി ഓരോ കുട്ടിയേയും ഓരോ യൂണിറ്റായി കണ്ട് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു.
- ആസ്വാദ്യകരമായ വിദ്യാലയാന്തരീക്ഷവും പഠന പ്രവർത്തനങ്ങളും ഓരോ വിദ്യാർത്ഥിക്കും അനുഭവവേദ്യമാക്കുക
- എൽ. കെ. ജി മുതൽ 5-ാം ക്ലാസ് വരെ ഓരോ ക്ലാസിലും പാഠ്യപദ്ധ തിക്ക് അനുസ്യതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകിക്കൊണ്ട് പ്രവർത്തനങ്ങൾ സമയ ബന്ധിതമായി നടപ്പാക്കുക
- വിദ്യാലയത്തിലെ പഠന പിന്തുണാ സംവിധാനങ്ങൾ എല്ലാ വിദ്യാർത്ഥികൾക്കും ഒരുപോലെ പ്രാപ്തമാക്കുക
- കലാകായിക വിദ്യാഭ്യാസത്തിന് കൂടുതൽ ഊന്നൽ നൽകുക

# അക്കാദമിക ഭൗതിക നേട്ടങ്ങൾ -പരിമിതികൾ

| നേട്ടങ്ങൾ | പരിമിതികൾ |
|---|---|
| • അക്കാദമിക പ്രവർത്തനങ്ങൾ മികച്ച രീതിയിൽ സംഘടിപ്പിക്കുന്ന മികവുറ്റ അധ്യാപക സമൂഹം.<br>• ശിശു സൗഹൃദമായ കെട്ടിട സമുച്ചയം<br>• ലൈബ്രറി, ലാബ് പഠന സൗകര്യം.<br>• 'ഓരോ കുട്ടിയും ഒന്നാമനാണ്' പദ്ധതി കുട്ടിക ളുടെ കഴിവും അഭിരുചിയും പരിഗണിച്ച് പരിശീ ലനം ലഭ്യമാക്കുന്നു.<br>• കലാപഠനം, പ്രവൃത്തിപരിചയപഠനം, കായികപഠനം എന്നിവയ്ക്ക് പ്രത്യേക പരിശീലനം<br>• പഠനത്തിൽ പിന്തുണ ആവശ്യമുള്ള കുട്ടികൾക്ക് അമ്മയുമൊത്തു എന്ന പ്രത്യേക പിന്തുണ പ്രവർത്തനങ്ങൾ<br>• പ്രത്യേക പരിഗണനയും പിന്തുണയും അർഹിക്കുന്നവർക്കുള്ള വ്യക്തിഗത സപ്പോർട്ട്<br>• സർഗ്ഗാത്മക വേദികൾ, ആശയപ്രകടന വേദി കൾ, ജനാധിപത്യ വേദികൾ എന്നിവ പ്രോത്സാ ഹിപ്പിക്കുന്ന വിദ്യാലയം.<br>• പാഠ്യേതര പ്രവർത്തനങ്ങൾ, ദിനാചരണങ്ങൾ തുടങ്ങിയവ മികവുറ്റ രീതിയിൽ നടപ്പാക്കുന്നു.<br>• കാർഷിക പ്രവൃത്തികൾ. ജൈവ വൈവിധ്യ അന്തരീക്ഷം എന്നിവ കുട്ടികൾക്ക് പ്രധാനം ചെയ്യൽ. | • മുഴുവൻ കുട്ടികൾക്കും ഭാഷാശേഷി, ഗണിത ശേഷി എന്നിവ കൈവരിക്കാൻ കഴിഞ്ഞിട്ടില്ല.<br>• ലാബ്, ലൈബ്രറി സംവിധാനങ്ങൾ ഉണ്ടെ ങ്കിലും  കൂടുതൽ മെച്ചപ്പാടനുണ്ട്.<br>• വായനക്ക് നല്ല പ്രോത്സാഹനം വിദ്യാലയം നൽകുന്നുവെങ്കിലും നന്നായി പുസ്തകം വായി ക്കുന്ന കുട്ടികളുടെ എണ്ണം കുറവാണ്.<br>• പൊതുവിജ്ഞാനമേഖലയിൽ കുട്ടികളുടെ പിന്നോക്കാവസ്ഥ പരിഹരിക്കപ്പെടേണ്ടതുണ്ട്.<br>• ഐ.ടി. അധിഷ്ഠിത പഠനം എന്ന നിലയിലേക്ക് ക്ലാസ്റൂം പ്രവർത്തനങ്ങളൊരുക്കാനായിട്ടില്ല. എല്ലാ അധ്യാപകർക്കും സാധിച്ചിട്ടില്ല.<br>• കുട്ടികളുടെ പഠന പിന്നാക്കാവസ്ഥ പരിഹരിക്ക പ്പെടേണ്ടതുണ്ട്. 20% കുട്ടികളെങ്കിലും പിന്നോക്കക്കാരാണ്.<br>• IED കുട്ടികളുടെ പഠനപിന്തുണാ സംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ട്.<br>• ആധുനിക രീതിയിലുള്ള കമ്പ്യൂട്ടർ ലാബ് സൗകര്യങ്ങൾ ഇല്ല. കുട്ടികളുടെ എണ്ണത്തിനാവശ്യമായ കംപ്യൂട്ടറുകളുടെ എണ്ണത്തിലുള്ള കുറവ് സ്ഥിരതയുള്ള ഇന്റർനെറ്റ് കവറേജ് ഇല്ലാത്തത് പഠന പ്രവർത്തനങ്ങൾ ict യുമായി ബന്ധിപ്പിച്ചു നല്കാൻ പ്രയാസം നേരിടുന്നു .കെ -ഫോൺ കണക്ഷൻ അതുവരെ ലഭ്യമാക്കിയിട്ടില്ല. |

# അക്കാദമിക ലക്ഷ്യങ്ങൾ

ഭാഷാ വികസനം

1. എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക.
2. എല്ലാ കുട്ടികൾക്കും അവരവരുടെ ക്ലാസ്സുകൾക്ക് അനുയോജ്യമാകുന്ന തരത്തിലുള്ള ആശയവിനിമയശേഷി നേടി എന്നുറപ്പുവരുത്തുക.
3. കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തുക.
4. സർഗ്ഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക.
5. ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക.
6. ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യാ സാധ്യത കളെ പ്രയോജനപ്പെടുത്തുക.
7. മികച്ച വായനാശീലം വളർത്തുക.

ഇംഗ്ലീഷ്

1 ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളേയും പ്രാപ്തരാക്കുക.
2. ഇംഗ്ലീഷിലുള്ള ആവിഷ്ക്കാരങ്ങൾക്ക് അവസരം ഒരുക്കുക.
3.സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക.
4. സ്വതന്ത്ര എഴുത്തിന് സജ്ജരാക്കുക.
5. സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക.
6. ആശയാവതരണ രീതിയിലൂടെ അടിസ്ഥാന ഭാഷാ ശേഷികൾ നേടാൻ സചിത്ര നോട്ട് ബുക്കിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുക
7. ക്ലാസ്സ് തല വായന മൂല,സ്കൂൾ ലൈബ്രറി എന്നിവിടങ്ങളിൽ ലഘു ഇംഗ്ലീഷ് പുസ്തകങ്ങൾ സജ്ജീകരിക്കുക .
8. ഹലോ ഇംഗ്ലീഷ് മാതൃകയിൽ പാഠഭാഗങ്ങൾ അവതരിപ്പിക്കാൻ ആവശ്യമായ റിസോഴ്സുകൾ തയ്യാറാക്കാനായി രക്ഷിതാക്കളുടെ സഹായത്തോടെ നിർമാണ വർക്ക് ഷോപ്പുകൾ ആസൂത്രണം ചെയ്യുക .

അറബിക്

1. എല്ലാ കുട്ടികളെയും ആശയങ്ങൾ ഉൾക്കൊണ്ടുകൊണ്ട് വായിക്കാനും എഴുതാനും പ്രാപ്തരാക്കുക.
2. കരിക്കുലം ലക്ഷ്യം വെക്കുന്ന അറബി ഭാഷാ പഠന നേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പു വരുത്തുക.
3. വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാ ശേഷി വർദ്ധിപ്പിക്കു ന്നതിനുള്ള സാഹചര്യം ക്ലാസ് മുറികളിലൊരുക്കുക.

4. വിദ്യാഭ്യാസം വിഭാവനം ചെയ്യുന്ന മൂല്യമനോഭാവങ്ങൾ ഭാഷാ പഠന നേട്ടത്തിലൂടെ ഉറപ്പു വരുത്തുക.
5 ഭാഷാ പഠനത്തിൽ ഐ.ടിയുടെ സാധ്യതകൾ പ്രയോജന പ്പെടുത്താനും വികസിപ്പിക്കാനുമുള്ള കഴിവ് കുട്ടികളിൽ സൃഷ്ടിക്കുക.

ഹിന്ദി

1. 5-ാം ക്ലാസിൽ കരിക്കുലം ലക്ഷ്യം വെക്കുന്ന ഹിന്ദി ഭാഷാ പഠന നേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പു വരുത്തുക.
2. വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാ ശേഷി വർദ്ധിപ്പിക്കു ന്നതിനുള്ള സാഹചര്യം ക്ലാസ് മുറികളിലൊരുക്കുക.
3. വിദ്യാഭ്യാസം വിഭാവനം ചെയ്യുന്ന മൂല്യമനോഭാവങ്ങൾ ഭാഷാ പഠന നേട്ടത്തിലൂടെ ഉറപ്പു വരുത്തുക.
4 ഭാഷാ പഠനത്തിൽ ഐ.ടിയുടെ സാധ്യതകൾ പ്രയോജന പ്പെടുത്താനും വികസിപ്പിക്കാനുമുള്ള കഴിവ് കുട്ടികളിൽ സൃഷ്ടിക്കുക.

പരിസരപഠനം

1. ശാസ്ത്രപഠനത്തിൽ താൽപര്യം വളർത്തുക. ശാസ്ത്രബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക.
2. ശാസ്ത്രത്തിന്റ്റെ രീതി സ്വായത്തമാക്കാനുള്ള അനുഭവം ഒരുക്കുക.
3. ശാസ്ത്ര പ്രക്രിയാശേഷികൾ വികസിപ്പിക്കുക. ആധുനിക ശാസ്ത്ര ഉപകര ണങ്ങൾ പ്രയോജനപ്പെടുത്താനുള്ള കഴിവ് വർദ്ധിപ്പിക്കുക.
4. ആധുനിക സൗകര്യങ്ങളോടെ ലാബ് സജ്ജമാക്കുക.
5. ശാസ്ത്രരംഗത്തെ നൂതനാശയങ്ങൾ കുട്ടികൾക്ക് പ്രയോജനപ്പെടുത്തുക.
6. ആധുനിക ശാസ്ത്ര സാങ്കേതികവിദ്യാ സാധ്യതകൾ ശാസ്ത്രപഠനത്തിനായി പ്രയോജനപ്പെടുത്തുക.

സാമൂഹികാവബോധം

1. ജനാധിപത്യ വേദികൾ ഒരുക്കുക.
2. സമൂഹത്തിന്റെ മുന്നോട്ടുള്ള പോക്കിൽ തന്റെ ഉത്തരവാദിത്വം തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നതിന് പ്രാപ്തരാക്കുക.
3. ജനാധിപത്യ ജീവിത സംസ്കാരം വളർത്തിയെടുക്കുക.
4. ദിനാചരണങ്ങൾ, ബോധവൽക്കരണ പരിപാടികൾ, ചർച്ചകൾ, സംവാദങ്ങൾ എന്നിവ സംഘടിപ്പിക്കൽ

ഗണിതം

1. അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.
2. ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക.

3. ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷികൾ നേടി എന്നുറപ്പാക്കുക.
4. ആധുനിക സാങ്കേതികവിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുക.
5. ഗണിതചിന്ത, യുക്തിചിന്ത, വിശകലനശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക.

ഐ സി ടി സാധ്യതകൾ പ്രയോജനപ്പെടുത്തൽ

1. വിവരസാങ്കേതികവിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക.
2. അറിവ് നിർമ്മാണ പ്രക്രിയയിൽ വിവരസാങ്കേതികവിദ്യയുടെ അനന്ത സാധ്യ തകൾ ഉപയോഗപ്പെടുത്തുക.
3. കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള സാഹചര്യം ഒരുക്കുക

പ്രവൃത്തി പരിചയം

1. നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക.
2. പാഴ്വസ്തുക്കളിൽ നിന്ന് പഠനോപകരണങ്ങളോ, പ്രയോജനപകരമായ ഉൽപ്പന്നങ്ങളോ ഉണ്ടാക്കാനുള്ള കഴിവ് വികസിപ്പിക്കുക.
3. ഇതര വിഷയങ്ങളുമായി/പഠനവുമായി പ്രവൃത്തിപരിചയാനുഭവത്തെ ബന്ധി പ്പിക്കുക.

കലാപരിശീലനം

1 കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ കണ്ടെത്തുക.
2. കലാഭിരുചി വളർത്തുക.
3. ഓരോ കുട്ടിയുടേയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരമൊരുക്കുക.
4. ആധുനിക ശാസ്ത്ര സാങ്കേതികവിദ്യ കലാപഠനത്തിൽ ഉപയോഗപ്പെടുത്തുക.
5. 'ഓരോ കുട്ടിയും ഒന്നാമനാണ്' എന്ന ബോധം ജനിപ്പിക്കുന്ന തരത്തിലുള്ള പരിശീലനപരിപാടികൾ ഒരുക്കുക.

ആരോഗ്യ കായിക വിദ്യാഭ്യാസം

1 മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി അവരെ ഏത് ലക്ഷ്യം കൈവരിക്കുന്നതിന് പ്രാപ്തരാക്കുക.
2. എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പാക്കുക.
3. ആരോഗ്യ ശീലങ്ങൾ വളർത്തുക.
4. ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരങ്ങൾ ഉണ്ടാക്കുക.
5 ക്യാമ്പസിനെ മാലിന്യമുക്തമാക്കുക, ഹരിതാഭമാക്കുക.

## മികവിനായി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ

- ഭാഷാ ശേഷി വികസനം (മലയാളം,ഇംഗ്ലീഷ്,അറബിക്,ഹിന്ദി)
- ഗണിത ശേഷി വികസനം
- പഠന പരിപോഷണം (ഇംഗ്ലീഷ് , ശാസ്ത്രം )
- വായനാ പരിപോഷണം (പത്രവായന, ലൈബ്രറി പുസ്തകങ്ങൾ, അമ്മ വായന)
- ഒന്നൊരുക്കം
- ശ്രദ്ധ
- ഫീൽഡ് ട്രിപ്
- ബോധവത്ക്കരണക്ലാസുകൾ
- കലാ - കായികമേള
- ശാസ്ത്രോത്സവം
- ജൈവ വൈവിധ്യ പാർക്ക്
- പച്ചക്കറിത്തോട്ടം
- ക്ലാസ് പി. ടി. എ.സജീവമാക്കൽ
- പഠന യാത്രകൾ
- പോഷകാഹാര പരിപാടി
- ദിനാചരണം
- ലൈബ്രറി ശാക്തീകരണം
- പതിപ്പുകൾ
- കുട്ടികളുടെ സമ്പാദ്യപദ്ധതി